Quorum was fixed as 5.

THE UNITED STATE OF TRAVANCORE AND COCHIN PRISONS BILL

The Hon'ble Sri. T. K.Narayana Pillai. Sir, I move that the United State of Travancore and Cochin Prisons Bill as reported by the Select Committee be taken up for consideration.

The Honb'le Sri. A.J. John: I second the motion.

The bill was taken into consideration. The question that clauses 1 and 2 do stand part of the bill was put and carried clauses 1 and 2 were added to the bill.

Clause 3

Sri. K. P. Neelakanta Pillai: Sir, I move the following amendment:—

"In clause 3, add the following as sub-cluse (10):—

"(10 Jailor means, the jailor or other officer in charge of a prison."

ഈ ബില്ലിൽ ജയിലർ എന്നുള്ള ഉദ്യോഗസ്ഥൻ ആരാണെന്നുള്ളതിനെപ്പറ്റി യാതൊരു വിവരണവുമില്ല. ബില്ലിലെ പല വകുപ്പുകളേയും പരിശോധിക്കുന്പക്ഷം ഗവണ്മെണ്ടിനു് അപ്പോഴപ്പോൾ ഉണ്ടാകുന്ന ആവശ്യത്തെ പരിഗണിച്ചു് ഒരു സ്ഥലത്തെ ജയിലായിട്ടു ഡിക്ലയർ ചെയ്യാം എന്നും ആ ജയിലിന്റെ മേൽനോട്ടത്തിനു് ഗവണ്മെണ്ടു നിർദ്ദേശിക്കുന്ന ആളെ വക്കാം എന്നും കാണുന്നുണ്ടു്. ആ സ്ഥിതിക്കു സ്പെഷ്യലായി ഒരു കെട്ടിടത്തിൽ പുള്ളികളെ സൂക്ഷിക്കേണ്ടതായിവരുമ്പോൾ അതു ഒരു ജയിലായി ഡിക്ലയർ ചെയ്യുന്നപക്ഷം അവിടെ ജയിലർ എന്നു പറയുന്ന ഉദ്യോഗസ്ഥൻ ആരാണെന്നുള്ളതിനെപ്പറ്റി സംശയം ഉണ്ടാകാനിടയുണ്ടു്. അതുകൂടാതെ ജയിലർ എന്നു പറയുന്ന ആൾക്കു് പല ചുമതലകളും വഹിക്കേണ്ടതായും ഉണ്ടു്. ഈ ബില്ലിലെ മറ്റു പല വകുപ്പുകളേയും പരിഗണിച്ചുനോക്കുകയാണെങ്കിൽ ഈ ഡഫനിഷൻ ആവശ്യമാണെന്നു കാണാവുന്നതാണു്. എന്തെന്നാൽ വേറെ ചില ഭേദഗതികളും അവതരിപ്പിക്കുമ്പോൾ ഏതെല്ലാം സ്ഥലം ജയിലായിട്ടു ഡിക്ലയർ ചെയ്യാമെന്നുള്ളതിന്റെ പരിധിയെ നിശ്ചയിക്കുന്ന അവസരത്തിൽ ഈ ഭാഗത്തുനിന്നും അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഭേദഗതികളുടെ വൈപുല്യത്തേപ്പറ്റി പരിഗണിക്കുമ്പോൾ ലോക്കപ്പുകളേയും ജയിലുകളായിട്ടു പരിഗണിക്കണമെന്നാണു് ഞാൻ ഉദ്ദേശിക്കുന്നതു്. അങ്ങിനെ ലോക്കപ്പുകളെ ജയിലുകളായി പരിഗണിക്കണമെന്നു പറയുന്നതിന്റെ അർത്ഥം ജയിലുകളിൽ താമസിക്കുന്ന പുള്ളികൾക്കുള്ള സൗകര്യങ്ങളെല്ലാംലോക്കപ്പുകളിലും ഉണ്ടാകണമെന്നുള്ളതാണു്. ഇതിനു് ഒരു സംഗതി ഇവിടെ പറയാം. ഈ ബിൽ അവതരിപ്പിച്ച അവസരത്തിൽതന്നെ ഇതുസംബന്ധിച്ചു വാദപ്രതിവാദങ്ങളും ഉണ്ടായ അവസരത്തിൽ ഈ ബില്ലിന്റെ അവതാരകൻ പറഞ്ഞതു് അങ്ങനെ ആക്കുന്നപക്ഷം ഒരു കോൺഫ്ളിക്ടു് ആഫ് അതോറിട്ടി ഉണ്ടാകാൻ ഇടയുണ്ടെന്നും ലോക്കപ്പിൽ സൂക്ഷിക്കുന്ന പുള്ളികളും പോലീസിന്റേയും ഡിസ്ട്രിക്ടു് മജിസ്ട്രേട്ടിന്റേയും അധീനതയിലും ജയിലിൽ സൂക്ഷിക്കുന്നവരുടെ ചുമതല വഹിക്കുന്നതിനായി ഗവണ്മെണ്ടിൽനിന്നും നിയമിക്കുന്ന സൂപ്രണ്ടോ, മെഡിക്കലാഫീസറോ ആണെന്നും അതുകൊണ്ടു ജയിലുകളിലുംലോക്കപ്പുകളിലും സൂക്ഷിക്കുന്ന പുള്ളികളുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്മാക്കു് ഇപ്രകാരം കോൺഫ്ളിക്ടായിട്ടുള്ള അധികാരങ്ങളാണു് ഉള്ളതെന്നും സൂചിപ്പിച്ചു് അതിനെ എതിർക്കുകയാണു ചെയ്തതു്. എന്നാൽ ലോക്കപ്പുകളും ജയിലുകളെപ്പോലെ പരിഗണിച്ചു് ജയിലിലുള്ള സൗകര്യങ്ങളും ലോക്കപ്പുകളിലും ഉണ്ടാക്കിക്കൊടുക്കണമെന്ന ഭേദഗതി സ്വീകരിക്കുന്നപക്ഷം ജയിലുക്കുള്ള പല അധികാരങ്ങളും പോലീസിനും കൊടുക്കേണ്ടതായിവരും. അവരുടെ ചുമതലകളും പലതരത്തിലാണു് എന്നും വിശദീകരിക്കയുണ്ടായി. ഒരു സ്റ്റേഷനിൽ ഇൻസ്പെക്ടർ ഇല്ലാതിരിക്കുന്ന അവസരത്തിൽ ഒരു ഹെഡ്കാൺസ്റ്റബിളിനും ചിലപ്പോൾ ഒരു പോലീസ് കാൺസ്റ്റബിളിനും ആയിരിക്കും ലോക്കപ്പുകളുടെ ചാർജ്ജു് എന്നും മറ്റും പറയുകയുണ്ടായി. ഇനി വേറെ ചില വകുപ്പുകളും വരുന്ന അവസരത്തിൽ ഈ ജയിൽ സൂപ്രണ്ടു് അധികാരപ്പെടുത്തുന്ന ആളിനു് ജയിലറായി ഫങ്ഷൻ ചെയ്യുന്നതിനു് അനുവാദമുള്ളതായി കാണുന്നുണ്ടു്. അതുകൊണ്ടു് ലോക്കപ്പുകളെ ജയിലുകളായി പരിഗണിച്ചു് ജയിലുക്കുള്ള ചുമതല ഇൻസ്പെക്ടറേയോ അല്ലെങ്കിൽ ഹെഡ്കാൺസ്റ്റബിളിനേയോ അധികാരപ്പെടുത്തുകയൊ ചെയ്യാവുന്നതാണു്. അതല്ലാത്തപക്ഷം കോൺഫ്ളിക്ടോഫ് അതോറിറ്റി ഉണ്ടാകാതിരിക്കുന്നതിനു് ലോക്കപ്പുകളും ജയിലായി രൂപാന്തരപ്പെടുത്തുന്നപക്ഷം ജയിലറന്മാരെ ധാരാളമായി നിയമിക്കേണ്ടതു് ഒരു ആവശ്യമായി വരാൻ ഇടയുണ്ടു്. അതിനെയെല്ലാം avoid ചെയ്യാനാണു് ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

സെക്ഷൻ വ-ൽ തന്നെ പറഞ്ഞിരിക്കുന്നതു നോക്കുക.

"All officers of a prison shall obey the directions of the Superintendent; all officers subordinate to the Jailer shall perform such duties as may be imposed on them by the Jailer, etc., etc."

അപ്പോൾ ജയിലർ എന്നുള്ള പദം അവിടെ ഉപയോഗിച്ചിട്ടുണ്ട്. പക്ഷെ ജയിലർ എന്നുള്ളതിന്റെ ഡഫനിഷൻ ഇല്ല. ഈ ബില്ലിലെ ന 0-ാം വകുപ്പനുസരിച്ചു ഗവണ്മെണ്ടിനു് രൂപകം ഉണ്ടാക്കുന്നതിനുള്ള അധികാരമുള്ള സ്ഥിതിക്കു് ഇന്നത്തെ ലോക്കപ്പുകളും എല്ലാം സ്പെഷ്യൽ ജയിലുകളായി പരിഗണിച്ചു് അവയുടെ ചുമതല പോലീസ് ഇൻസ്പെക്ടറന്മാക്കോ അല്ലെങ്കിൽ ഹെഡ്കാൺസ്റ്റബിൾമാക്കോ കൊടുക്കുകയാണെങ്കിൽ ഇതു അധികം ജയിലറന്മാരെ നിയമിക്കേണ്ടതായി വരികയില്ല. അല്ലെങ്കിൽ ഈ സിറ്റിയിലുള്ള എട്ടോ പത്തോ ലോക്കപ്പുകളുടെ ചുമതല വഹിക്കുന്നതിനു് ഒരു പോലീസ് ഇൻസ്പെക്ടർക്കുതന്നെ ആ അധികാരം കൊടുത്തു നിയമിക്കുന്നതിനും സാധിക്കുന്നതാണു്. ഈ സംഗതിയെല്ലാം ആസ്പദമാക്കിയാണു് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ : ഈ വകുപ്പിന്റെ പരിധിയിൽനിന്നും ലോക്കപ്പുകളെ ഒഴിവാക്കുന്നതിനുവേണ്ടിമാത്രമാണു് ഭേദഗതികൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ഇന്നത്തെ നിലയിൽ പോലീസിന്റെ ചുമതലയിൽ കഴിഞ്ഞുകൂടുന്ന ലോക്കപ്പുകളെ അവരുടെ അധീനതയിൽനിന്നും എടുത്തുകളയേണ്ടതു് ഒരു പരിഷ്കൃത ഗവണ്മെണ്ടിനു് ഒഴിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു കാര്യമാണു്. ക്ലാസ് (സി) യിൽ സബ്സിഡിയറി ജയിൽ എന്നു പറയുന്നതു് എതിനെ ഉദ്ദേശിച്ചാണെന്നു മനസ്സിലാകുന്നില്ല. ഞാൻ മനസ്സിലാക്കിയിരിക്കുന്നതു ശരിയാണെങ്കിൽ കൊച്ചിയിലുള്ള ലോക്കപ്പുകളും അവിടത്തെ പോലീസ് അധികൃതരുടെ കീഴിലല്ല. അവിടെ ലോക്കപ്പുകളുടെ ചുമതല ലോക്കൽ മജിസ്ട്രേട്ടിനാണു്. ലോക്കപ്പുകളുടെ താക്കോലുകൾകൂടി മജിസ്ട്രേട്ടന്മാരുടെ സൂക്ഷ്മതയിലും കൈവശത്തിലുമാണു്. എനിക്കു കൊച്ചിയിലെ ലോക്കപ്പുകളിൽ കഴിഞ്ഞുകൂടേണ്ടിവന്നിട്ടുണ്ടെങ്കിലത്തെ പതിവു് അതായിരുന്നു. ജയിലുകൾ നൽകുന്നതായ അധികാരങ്ങളും സബ്സിഡിയറി ജയിലർമാരെ സംബന്ധിച്ചിടത്തോളവും ഉണ്ടായിരിക്കുമെന്ന സ്ഥിതിക്കു് ആ അധികാരങ്ങളും ഒരു സ്റ്റേഷൻ ആപ്പീസർക്കും ഉണ്ടായിരിക്കുന്നതാണു്. അതു് ഒരിക്കലും അനുവദിക്കാൻ പാടില്ലാത്തതാണു്. അതിലേക്കു് പോലീസ് സ്റ്റേഷനുകളിൽനിന്നു മാറി പ്രത്യേകം സബ്സിഡിയറി ജയിലുകളും നിർമ്മിക്കുകയും അവിടങ്ങളിലേക്കു് പ്രത്യേകം ജയിലർമാരെ നിയമിക്കുകയും വേണം. ജയിലുകളില്ലാത്തപോലുള്ള സൗകര്യങ്ങളും ഇന്നു ലോക്കപ്പിൽ കിടക്കുന്ന പുള്ളികൾക്കു് ലഭിക്കുന്നില്ലെന്നുള്ള പരമാർത്ഥംകൂടി അറിയാവുന്നതാണു്. അതുകൊണ്ടാണു് ഇന്നത്തെ ലോക്കപ്പുകളെ ജയിലുകൾ എന്നുക്കരുതെന്നു ഞാൻ അഭ്യർത്ഥിക്കുന്നതു്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഇവിടെ പറഞ്ഞതു് ജയിലർ എന്നുള്ളതിന്റെ നിർവ്വചനം വേണമെന്നാണു്. അങ്ങിനെ ഒരു നിർവ്വചനം ആവശ്യമില്ല. ഒരു ജയിലറുടെ അധികാരങ്ങളും അവകാശങ്ങളും എന്തെല്ലാമാണെന്നു് പ്രത്യേകമായി പതിനാറാം വകുപ്പിലും ഇരുപതാം വകുപ്പിലും വിശദീകരിച്ചിട്ടുണ്ടു്. ആ ഉദ്യോഗസ്ഥന്റെ ചുമതലകളും അധികാരങ്ങളും എല്ലാം ഈ വകുപ്പുകളിൽ ക്രോഡീകരിച്ചിട്ടുള്ളതുകൊണ്ടു് ഈ വകുപ്പിൽ ഒരു പ്രത്യേക നിർവ്വചനത്തിന്റെ ആവശ്യമില്ല. അതുകൊണ്ടു് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

The question that Clauses 3 to 5 do stand part of the Bill was put and carried.
Clauses 3 to 5 were added to the Bill.

Clause 6

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള : ക്ലാസു് ന-ൽ add the words 'or prisons' after the word 'prison' in line one. അതിൽ പ്രിസൺ 'ഓർ പ്രിസൺസു്' എന്നാക്കണമെന്നാണു് എന്റെ ഭേദഗതി. അതിന്റെ ആവശ്യം ഈ ബില്ലിനെ ആകമാനം വായിച്ചതിനുശേഷം ഈ ലോക്കപ്പുകളെ എല്ലാം പ്രിസൺ എന്ന നിർവ്വചനത്തിൽ ആക്കുന്നതു് വളരെ ആവ

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. P. Neelakanta Pillai]

ശ്യമാണെന്നും വളരെ നല്ലതാണെന്നും എനിക്ക് അഭിപ്രായമുള്ളതുകൊണ്ടും നിർബ്ബന്ധമുള്ളതുകൊണ്ടും ഇങ്ങനെ ഒരു ഭേദഗതി ഇവിടെ കൊണ്ടുവന്നതാണ്. അതിനെ ഈ സഭ സ്വീകരിക്കുമെന്നു് ആൻറിസിപ്പേറ്റ ചെയ്തുകൊണ്ടു് ആദ്യമായി കിട്ടിയ അവസരം ഉപയോഗിച്ചു് ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതാണു്. പിന്നെ ഒരു തർക്കം വന്നേക്കാൻ ഇടയുണ്ടു്. എല്ലാ ലോക്കപ്പുകളും പ്രിസണായി പരിഗണിക്കണമെന്നു പറയുമ്പോൾ എല്ലാ പ്രിസൺസിനും ഗവൺമെണ്ടിൽനിന്നും സൂപ്രണ്ടിനേയും മെഡിക്കലാഫീസറേയും നിയമിക്കേണ്ടതാവശ്യമായിത്തീരും. "For every prison Government shall appoint a Superintendent, a Medical Officer, etc." ഈ ഉദ്യോഗസ്ഥന്മാരെ എല്ലാം ഈ പ്രിസൺസിന്റെ മാനേജുമെണ്ടിനും ഭരണത്തിനുമായി നിയമിക്കേണ്ടതായി വരും എന്നു് ഈ ക്ലോസ്സിൽ പറയുന്നുണ്ടു്. അങ്ങിനെ വേണമെന്നുണ്ടെങ്കിൽ ലോക്കപ്പുകളെ പ്രിസണായിട്ടു സ്വീകരിക്കുന്നപക്ഷം അതിലേക്കു് ഈ ഉദ്യോഗസ്ഥന്മാർക്കു് കോൺഫ്ളിക്ടാഫ് അതോറിറ്റി എന്ന വാദം വന്നേക്കാൻ ഇടയുള്ളതുകൊണ്ടു് അതിനെ കുറെ മുൻകൂട്ടി കണ്ടുകൊണ്ടാണു്.....

Sri. K. A. Gangadhara Menon: Will the Hon'ble Member read the clause as he wants it to be amended?

Sri. K. P. Neelakanta Pillai: "For every prison or prisons Government shall appoint a Superintendent, a Medical Officer.....and such other officers as Government thinks necessary".

അതായതു് 'ഫാർ എവരി പ്രിസൺ ഓർ പ്രിസൺസു്' എന്നു പറഞ്ഞിട്ടുണ്ടു്. അതിനു് തൽക്കാലം സൂപ്രണ്ടിനേയൊ ജയിലറേയൊ കൂടുതൽ നിയമിക്കേണ്ടിവന്നാൽ നിയമിക്കണം. അതായതു് ഞാൻ ഉദ്ദേശിക്കുന്നതു് ഒരു ജയിലിനൊ പല ജയിലുകൾക്കൊ എന്നുള്ള ഉദ്ദേശത്തിലാണു് ഈ അമെൻറുമെൻറു് അയച്ചിരിക്കുന്നതു്. 'എവരി' എന്ന വാക്കു് കപാളിഫൈ ചെയ്യണമെന്നില്ല. ഒരു സൂപ്രണ്ടൊ അല്ലെങ്കിൽ മെഡിക്കൽ ആഫീസർ സൂപ്രണ്ടായിട്ടൊ ഒരു ജയിലറൊ മാത്രം നിയമിച്ചു് ഈ സിറ്റിയിലുള്ള ലോക്കപ്പുകളെ എല്ലാംകൂടി പ്രിസണായി പരിഗണിച്ചു് പ്രവർത്തിക്കുന്നതിനു വേണ്ട നടപടികളും ഗവൺമെണ്ടു് സ്വീകരിക്കണമെന്ന ഉദ്ദേശിച്ചാണു് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ ഭേദഗതികൊണ്ടു വലിയ വിശേഷമുണ്ടെന്നു തോന്നുന്നില്ല. ശ്രീ. കെ. പി. നീലകണ്ഠപ്പിള്ളയുടെ ഭേദഗതി സ്വീകരിക്കുന്നപക്ഷം ഒന്നുകൂടി ആശയക്കുഴപ്പം ഉണ്ടാകുമെന്നാണു് എനിക്കു തോന്നുന്നതു്. "Every prison" എന്നു പറഞ്ഞാൽ എല്ലാ പ്രിസണേയും ബാധിക്കുന്നതാണു്. ഗ്രൂപ്പു് ആഫ് പ്രിസൺസിനു് ഒരു സൂപ്രണ്ടിനേയൊ, അല്ലെങ്കിൽ ജയിലറേയൊ മറ്റൊ നിയമിക്കണമെന്നുള്ളതാണു് ശ്രീ. നീലകണ്ഠപ്പിള്ളയുടെ ഭേദഗതികൊണ്ടു് ഉദ്ദേശിക്കുന്നതെങ്കിൽ അദ്ദേഹം ഈ ഭേദഗതിയിൽ ഉപയോഗിച്ചിട്ടുള്ള വാക്കുകൾ ആ അർത്ഥം നൽകുന്നില്ല എന്നാണു് എനിക്കു പറയുവാനുള്ളതു്. അങ്ങനെ ഒരു ഗ്രൂപ്പു് ആഫ് പ്രിസൺസിനു് ഒരു സൂപ്രണ്ടൊ, ജയിലറൊ വേണമെന്നു ഗവൺമെണ്ടുദ്ദേശിക്കുന്നുണ്ടെങ്കിൽ ഈ നിയമത്തിലെ ആറാം വകുപ്പനുസരിച്ചു ഗവൺമെണ്ടിനു നിയമിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണു്. അതുകൊണ്ടു ഭേദഗതിയുടെ ആവശ്യമില്ല. അതിനാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

The question that Clauses 6 to 22 do stand part of the Bill was put and carried.
Clauses 6 to 22 were added to the Bill.

Clause 23

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: സർ, എന്റെ ഭേദഗതി ഇതാണു്. "Delete the clause and renumber the remaining clauses." ഈ ബില്ലിൽനിന്നും ഫൈൻ–ാംവകുപ്പു് എടുത്തുകളയണമെന്നും ബാക്കിയുള്ള ക്ലാസ്സുകളെ മാറ്റി നംബർചെയ്യണമെന്നുമുള്ളതാണു് എന്റെ ഭേദഗതി. സർ, ഇതിനു മതിയായ കാരണങ്ങളും ഉണ്ടു്. ജയിലിൽ താമസിച്ചിട്ടുള്ള എന്റെ മാന്യസ്നേഹിതന്മാരിൽ പലർക്കും അറിയാം, ഈ തടവുപുള്ളികളെ തന്നെ, അവിടെ ഒരു മാതിരി അപ്പീസ്സർമാരായി ഉദ്യോഗവും കൊടുത്തു ചില ചില്ലറ പ്രതിഫലവും കൊടുത്തു നിയമിക്കുന്നുണ്ടെന്നു്. ജയിലിലെ ഡിസിപ്ലിനും മറ്റും വേണ്ടവിധം

LIBRARY ARCHIVES Kerala Legislative Assembly

പാലിക്കാനാണ് ഇവരെ നിയമിക്കുന്നത്. ഈ മാതിരി ജയിലിലെ ഒപ്പീസർമാരായി ജീവിക്കുന്ന ജയിൽപുള്ളികളും സാധാരണയായി ജീവപര്യന്തം തടവുകാരോ, തൂക്കിൽനിന്നും രക്ഷപ്പെട്ട കിടക്കുന്നവരോ ആണ്. പത്തുപതിനാലുവർഷം ശിക്ഷിച്ചു ജയിലിൽ അധിവസിക്കുന്ന ഇവർ അവിടെ നാലഞ്ചുവർഷം കിടന്നുകഴിയുമ്പോൾ അവരിൽ ചിലരുടെ സാമർത്ഥ്യവും മറ്റും ജയിലധികാരികൾക്കു മനസ്സിലാക്കുവാൻ സാധിക്കുന്നു. ജയിലിൽതന്നെ ചില്ലറ അസ്വാരസ്യങ്ങളോ ലഹളകളോ ഉണ്ടാകുന്നപക്ഷം അങ്ങനെ ലഹളകൾ ഉണ്ടാക്കുന്നവരെ അമർച്ചചെയ്യുവാൻ അവിടെ നിയമിതരായിട്ടുള്ള ഉണക്കവാർഡറന്മാരെക്കൊണ്ടു സാധിക്കാതെവരും. ഇവർക്കു ശമ്പളം വളരെ കുറവായിരിക്കുന്നതുകൊണ്ടു പ്രായേണ ശേഷിക്കുറവുള്ളവർ ആയിരിക്കും. അങ്ങനെയുള്ള അവിടത്തെ വാർഡർമാരെക്കൊണ്ടു അക്രമങ്ങൾ ശമിപ്പിക്കുവാൻ നിവൃത്തിയില്ലാത്ത ഘട്ടത്തിലാണ് ഈ ജയിൽപുള്ളികളായ വാർഡർമാരുടെ സഹായം ജയിലധികൃതർ ആവശ്യപ്പെടുന്നതു്. അവൻ കൊലപാതകത്തിനു ശിക്ഷിക്കപ്പെട്ട വന്നവനായതുകൊണ്ടു് എത്ര ക്രൂരകൃത്യങ്ങളും ചെയ്യുവാൻ മടിക്കുന്നവനല്ലെന്നുള്ള ഒരു ബോധം മറ്റുള്ളവരിൽ ഉളവാക്കി അങ്ങനെ ലഹള ശമിപ്പിക്കുവാൻ വേണ്ടിയാണ് ഇവരെ സാധാരണയായി ഉപയോഗപ്പെടുത്തുന്നതു്. ഇപ്രകാരം ജയിലിൽ ശിക്ഷിച്ചുകിടക്കുന്ന ആളുകളെ ഉദ്യോഗസ്ഥന്മാരായി നിയമിച്ചു ബാക്കിയുള്ളവരെ ഭരിക്കാൻ ചുമതലപ്പെടുത്തിക്കൊടുക്കുന്നു എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതു്. സർ, ഇങ്ങനെ ജയിൽപുള്ളികളെ ഉദ്യോഗസ്ഥന്മാരായി നിയമിക്കുന്നതിൽ വളരെ രഹസ്യങ്ങൾ ഉണ്ടു്. ഇവരെ മറ്റു പലതരത്തിലും ഉപയോഗിക്കുന്നുണ്ടെന്നുള്ളതു ജയിലിൽ കിടന്നിട്ടുള്ളവർക്കറിയാം. അതു മുഴുവനും ഞാൻ ഇവിടെ വിവരിക്കുന്നില്ല. മറ്റുപല കാര്യങ്ങൾക്കും ജയിലിലെ ഉദ്യോഗസ്ഥന്മാർ ഇവരെ ആശ്രയിക്കുന്നുണ്ടു്. ജയിലിൽ തടയപ്പെട്ടിട്ടുള്ള പല സാമാനങ്ങളും ഇവർമുഖാന്തിരമാണ് ജയിലിനകത്തു കടത്തുന്നതു്. ഒരു കച്ചവടവും അതിനകത്തു നടക്കുന്നുണ്ടു്. അതുകൊണ്ടു ജയിൽ പുള്ളിയെ ഉദ്യോഗസ്ഥനായി അവിടെ നിയമിക്കുമ്പോൾ സാധാരണയായി അവിടത്തെ ഫെഡ് വാർഡരേക്കാൾ അധികാരമുള്ള ഒരു ഉദ്യോഗസ്ഥനായിട്ടാണ് അയാൾ അവിടെ താവിക്കുന്നതു്. എന്റെ അഭിപ്രായം പറയുകയാണെങ്കിൽ, ഇങ്ങനെയുള്ള ഈ കാൺവിക്ട് വാർഡറന്മാരുടെ സഹായം ഇല്ലാതെതന്നെ ജയിൽ ഭരണം നടത്താൻ കഴിയും. കൂടുതൽ ആളുകളെ വേണമെങ്കിൽ ജയിലിനകത്തു നിയമിക്കണം. ഇവർ ജയിൽപുള്ളികളാണ്, അതുകൊണ്ടു് അവരെ ഉദ്യോഗസ്ഥന്മാരാക്കാൻ പാടില്ല. ഈ കാരണങ്ങളാൽ ഈ ഭേദഗതി ഈ സഭ സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, ഈ വകുപ്പിനെ സംബന്ധിച്ചു് ഞാനും ഒരു ഭേദഗതി അയച്ചിട്ടുണ്ടു്. "പബ്ലിക്ക സ്വ്ൻറ്സു" എന്ന പദത്തിന്റെ ഡെഫനീഷ്യനിൽ പ്രിസണർ ഓഫീസേഴ്സു് ഉൾപ്പെടുത്തരുതെന്നുള്ളതാണ് എന്റെ ഭേദഗതി. അഞ്ചാറവർഷം ജയിലിൽ കിടന്നതിനുശേഷം ഒരു ചെറിയ അവകാശംപോലെ, ഒരു പ്രമോഷൻ കൊടുത്തു ആണു ഈ കാൺവിക്ട വാർഡേഴ്സായി ജയിൽ പുള്ളികളെ നിയമിക്കുന്നതു്. അങ്ങനെയുള്ളവരെ പബ്ലിക്ക സ്വ്ൻറ്സിന്റെ ഡെഫനിഷ്യനിൽനിന്നും മാറ്റണമെന്നാണ് ഞാൻ പറയുന്നതു്. പബ്ലിക്ക സ്വ്ൻറ്സു് എന്നു പറഞ്ഞാൽ പൊതുജനങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻവേണ്ടി ഗവൺമെൻറിനാൽ നിയുക്തരും, ഗവൺമെൻറിന്റെ നിർദ്ദേശാനുസരണം പ്രത്യേകം ചില ഉത്തരവാദിത്വത്തോടുകൂടി നിയമിക്കപ്പെട്ടവരുമായ ഒരു കൂട്ടം ഉദ്യോഗസ്ഥന്മാർ എന്നാണർത്ഥം. ഇവിടെ അനുഭവിക്കുന്ന ആളുകളെക്കൂടി പബ്ലിക്ക സ്വ്ൻറ്സു എന്നു പറയുന്നു. തടവുശിക്ഷ അനുഭവിക്കുന്ന ആളുകളെക്കൂടി പബ്ലിക്ക സ്വ്ൻറ്സിന്റെ കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നതു ശരിയല്ല. ഇവരുടെ ജോലി പ്രധാനമായി സ്വീയിംഗ് ആണു്. കൂട്ടുകാരായ മറ്റു ജയിൽപുള്ളികൾ എന്തെല്ലാം ചെയ്യുന്നുവെന്ന രഹസ്യമായി മേലുദ്യോഗസ്ഥന്മാർക്കു് അറിവുകൊടുക്കുക എന്നുള്ളതാണ് ഇവരുടെ ജോലി. അതേ സമയം ഇവർ മറ്റു പുള്ളികളെപ്പോലെതന്നെ ജയിലിന്റെ നടുഭിത്തിക്കുള്ളിൽതന്നെ കിടന്നു പ്രവർത്തിക്കുകയും വേണം. അവരെ തനിയെ വിടുന്നതുമല്ല. അങ്ങനെയുള്ള തടവുകാരെ ഉദ്യോഗസ്ഥവൃത്തിൽ ഉൾപ്പെടുത്തി പബ്ലിക്ക സ്വ്ൻറ്സു എന്നു പദംകൊടുക്കുന്നതു് ശരിക്കലും ശരിയല്ല. അതുകൊണ്ടു പബ്ലിക്ക സ്വ്ൻറ്സിന്റെ അർത്ഥവേണ്ടിത്തന്നെ, സ്വീയിംഗ് മുതലായ കായ്ക്കുർക്കായി തടവുപുള്ളികളെക്കൊണ്ടു ചെയ്യിക്കുന്ന ഈ ജോലി, പബ്ലിക്ക സ്വ്ൻറ്സു എന്ന നാമധേയത്തിൽ നടത്തിക്കുന്നതി

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Pachu Pillai]

നെ തടയേണ്ടതാണ്. അതിനാൽ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ളയുടെ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

Sri. D. Gnanasigamoni : I support this amendment on another ground. To me it appears that this provision is superfluous. Section 15 of the Penal Code defines a public servant in the sixth clause thus: "Every person who holds any office by virtue of which he is empowered to place or keep any person in confinement." Therefore, whether we say he is a Government servant or not, the definition itself says such a person is a Government servant for the purpose of this Act. So that, apart from what Mr. K. P. Nilakanta Pillai said, it appears to me that this provision is superfluous. In any event, under clause 6, he is a public servant, because, he has under his keeping somebody whom he is empowered to keep in confinement. Therefore, it appears to me this clause is superfluous.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. കൺവിക്ടുകളിൽ ഏതാനും പേരെ ആഫീസർമാരായി പ്രമോട്ടുചെയ്യുന്ന ആ നടപടിയും പാരമ്പര്യവും അനുകരണീയമല്ലെന്നുള്ള ഒരു വാദഗതിയാണ് ഭേദഗതി അവതരിപ്പിച്ചുകൊണ്ടു പറഞ്ഞുവച്ചിട്ടുള്ളതു്. എനിക്കു തോന്നുന്നതു് ഈ സംപ്രദായം എല്ലാവിധത്തിലും പ്രോൽസാഹിപ്പിക്കേണ്ട ഒന്നാണെന്നാണു്. എല്ലാ കൺവിക്ടുകളേയും ആഫീസർമാരായി പ്രമോട്ടു ചെയ്യുന്ന പതിവില്ല. നല്ല സ്വഭാവശുദ്ധിയുള്ളവർ, ജോലി ചെയ്യുന്നതിൽ സാമർത്ഥ്യമുള്ളവർ, നടപടികളിലും പെരുമാറ്റത്തിലും കൂടുതൽ തൃപ്തിസമ്പാദിക്കുവാൻ സാധിച്ചിട്ടുള്ളവർ, ഇങ്ങനെയുള്ളവരെ പ്രോൽസാഹിപ്പിക്കുവാൻവേണ്ടിയാണു് ഇങ്ങനെയുള്ള നടപടി എല്ലാ ജയിലുകളിലും സ്വീകരിച്ചിട്ടുള്ളതു്. ഈ വിധത്തിൽ തങ്ങൾക്കു ആഫീസർസ്ഥാനം കിട്ടുമെന്നു് ഒരു പുഴു അവക്കു ആശിക്കാൻ ഉണ്ടാകുന്നപക്ഷം, കൂടുതൽ മര്യാദയായും യോഗ്യതയായും പെരുമാറുന്നതിനു അവർ ശ്രമിക്കുന്നതാണു്. അങ്ങനെ നോക്കുമ്പോൾ ചീത്തയാളുകളെ നന്നാക്കുന്നതിനു പ്രേരണനൽകുകയെന്ന ഉദ്ദേശത്തോടുകൂടിയാണു ഈ സംപ്രദായംവച്ചിട്ടുള്ളതെന്നാണു് എനിക്കു തോന്നുന്നതു്.

ഇങ്ങനെ കൺവിക്ടുകളിൽനിന്നും പ്രമോട്ടുചെയ്യുന്ന കൺവിക്ട വാർഡർമാരായി നിയമിക്കുന്ന ആളുകളെ പബ്ലിക്ക സ്വ്ൻറ്സു എന്നു നാമകരണം ചെയ്യുന്നതു എല്ലാവിധത്തിലും തെറ്റാണെന്നാണു് ശ്രീ. പാച്ചുപിള്ള പറയുന്നതു്. അദ്ദേഹം ആ വകുപ്പു ശരിയായി വായിക്കുന്നപക്ഷം പബ്ലിക്ക സ്വ്ൻറ്സു എന്നുള്ളപദം വെറും ഒരു ക്ലിഷ്ടമായ പരിമിതിയിൽ മാത്രമെ അവിടെ ഉപയോഗിച്ചിട്ടുള്ളു, കേവലം പരിമിതമായ ഒരർത്ഥത്തിൽ മാത്രമെ അത്തരം ഉദ്യോഗസ്ഥന്മാരെ പബ്ലിക്ക സ്വ്ൻറ്സായി പരിഗണിക്കുന്നുള്ള എന്നു കാണുവാൻ കഴിയും. പീനൽകോഡിലെ വ്യവസ്ഥയനുസരിച്ചു പബ്ലിക്ക സ്വ്ൻറ്സിനെ രക്ഷിക്കപ്പെടുന്നപക്ഷം പരിഗണിക്കേണ്ടവിധം എങ്ങനെയാണെന്നു് എളുപ്പത്തിൽ തീരുമാനിക്കപ്പെടാവുന്നതാണു്. ഇങ്ങനെ കൺവിക്ട വാർഡർമാരെ ജയിലിലെ ഒരാറാക്കുത്തിനുവേണ്ടി മാത്രമാണു് പബ്ലിക്ക സ്വ്ൻറ്സായി ഗണിക്കപ്പെടുന്നതു് എന്നു കാണുമ്പോൾ ശ്രീ. പാച്ചുപിള്ളയ്ക്കു തൃപ്തിപ്പെടാൻ കഴിയുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്.

ശ്രീ. എ. കെ. പാച്ചുപിള്ള : സ്വഭാവശുദ്ധിക്കുപകരം, സേവ, നന്ന, മുതലായ കുറുക്കുവഴികളിൽകൂടി ജയിൽപുള്ളികൾക്കു ആഫീസർമാരായിത്തീരുവാൻ ഈ സംപ്രദായം ഉപകരിക്കുമെന്നു ബഹുമാനപ്പെട്ട മന്ത്രി വിശ്വസിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഞാൻ അങ്ങനെ വിശ്വസിക്കുന്നില്ല. കുറുക്കുവഴികളെപ്പറ്റിയുള്ള ചിന്തകൊണ്ടു് ഒരു നിയമത്തിൽ ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരുടെ ആവശ്യത്തെ പാടെ വർണിക്കാവുന്നതല്ല.

ഇപ്പറഞ്ഞ കാരണങ്ങളാൽ ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

The amentment was put and lost.

The question that Clauses 23 to 25 do stand part of the Bill was put and carried.

Clauses 23 to 25 were added to the Bill.

Clause 26

ശ്രീ. കെ. പി. നീലകണ്ഠപിള്ള: സർ, ഞാൻ അവതരിപ്പിക്കുന്ന ഭേദഗതി ഇതാണു.—

LIBRARY ARCHIVES Kerala Legislative Assembly

"In close 26, sub-clause (3), add the words 'illness or' between the words 'dangerous' and 'distemper' in line two." The clause, as it is, is "No person shall be discharged against his will from prison, if labouring under any acute or dangerous distemper, nor until, in the opinion of the Medical Officer, such discharge is safe."

ഈ ഭേദഗതികൂടി കൊണ്ടുവരുന്നതിനു എന്നെ പ്രേരിപ്പിച്ചു സംഗതി കാമാവധി കഴിയുമ്പോൾ ഒരു ജയിൽപുള്ളിക്കു വീട്ടിൽ ചെന്നുചേരുന്നതിനു ദേഹാസ്വാസ്ഥ്യം ഉണ്ടായിരുന്നാലും ഇല്ലെങ്കിലും ചിലപ്പോൾ അങ്ങനെയുള്ളവരെ ഡിസ്ചാർജ് ചെയ്യാൻ പാടില്ലെന്നുണ്ടെങ്കിലും.....

The Hon'ble Sri. T. K. Narayana Pillai: I accept the amendment.

The question that clause 26 with the amendment do stand part of the Bill was put and carried.

Clause 26 was added to the Bill.

Clause 27

കെ. പി. നീലകണ്ഠപിള്ള: ഞാൻ വഅതരിപ്പിക്കുന്ന ഭേദഗതി ഇതാണ്.

"In Clause 27, sub-clause (1), delete the words 'seeing or' in line four."

ഇപ്പോഴത്തെ കാലസ്ഥിതിയെ പരിഗണിച്ചാൽ ഇങ്ങനെയുള്ള പദപ്രയോഗങ്ങൾ ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. ജയിലിൽ സാധാരണ പലതരത്തിലുള്ള തടവുകാരും ഉണ്ടായിരിക്കും. സ്ത്രീകളും പുരുഷന്മാരും ഉണ്ടായിരിക്കും. രാഷ്ട്രീയതടവുകാരിൽതന്നെ സ്ത്രീകളും പുരുഷന്മാരും ഉണ്ടായിരിക്കും. ഈ വകുപ്പിൽ പറയുന്നതു "(1) in a prison containing female as well as male prisoners the females shall be imprisond in separate buildings, or separate parts of the same building, in such manner as to prevent their seeing, or conversing or holding any intercourse with the male prisoners". എന്നാണ് തടവുകാരായ സ്ത്രീകളും പുരുഷന്മാരും തമ്മിൽ സംഭാഷണം നടത്തിക്കൂടെന്നും, മറ്റുതരത്തിൽ സമ്പർക്കം (intercourse) പുലർത്തിക്കൂടെന്നും, പറഞ്ഞിരിക്കുന്നതു മനസ്സിലാക്കാൻ സാധിക്കും. എന്നാൽ പരസ്പരം കാണാൻപോലും പാടില്ല എന്നു പറഞ്ഞിരിക്കുന്നതിന്റെ ഉദ്ദേശമെന്തെന്നു് എനിക്കു മനസ്സിലാകുന്നില്ല. കാണുക എന്നു പറഞ്ഞാൽ വെറും ദർശനം മാത്രമേ ഉദ്ദേശിച്ചിട്ടുള്ളോ, അതോ "നിങ്ങൾ അദ്ദേഹത്തെ കണ്ടോ" എന്ന ചോദ്യത്തിൽ അടങ്ങിയിരിക്കുന്നതുപോലെ കണ്ടു് ഉദ്ദേശിക്കുന്ന കാര്യങ്ങൾകൂടി സാധിക്കുക എന്ന വ്യംഗ്യാർത്ഥംകൂടി ഉദ്ദേശിച്ചിട്ടുണ്ടോ എന്നെനിക്കു് നിശ്ചയമില്ല. ജയിലിൽകിടക്കുന്ന ആണുങ്ങളും പെണ്ണുങ്ങളും തമ്മിൽ യാതൊരു വിധത്തിലും കണ്ടുകൂടാ എന്നാണു് ഉദ്ദേശിച്ചിരിക്കുന്നതെങ്കിൽ അതു സാദ്ധ്യമാണോ എന്നെനിക്കു് തോന്നുന്നില്ല. യാദൃച്ഛികമായിട്ടുപോലും അവർ തമ്മിൽ കാണാൻ പാടില്ല എന്നാണു് ഉദ്ദേശിച്ചിരിക്കുന്നതെങ്കിൽ ഇങ്ങനെ ഒരു നിയമം കാളേജുകളിലും കൂടി ഏർപ്പെടുത്തുന്നതു കൊള്ളാം. അവിടേയും ആണുങ്ങളും പെണ്ണുങ്ങളും ഒരുമിച്ചാണു് പഠിക്കുന്നതു്. ജയിലിനകത്തു കിടന്നുകൊണ്ടു് കമ്പികളുടെ ഇടയിൽക്കൂടി നോക്കിയതുകൊണ്ടു് എന്തു ദോഷമാണു് സംഭവിക്കുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. ജയിലിൽ കിടന്നാലുള്ള വിഷമം പ്രത്യേകിച്ചു് ഞാൻ പറയണമെന്നില്ല. അവക്കു മനുഷ്യപ്രാണികളെപ്പോലും കാണാൻ സാധിക്കാത്തരത്തിൽ അടച്ചിടണമെന്നു പറയുന്നതു വളരെ സങ്കടമാണു്. മനുഷ്യജീവിയെപ്പോലും കാണാൻ അനുവദിക്കാതെ ഒന്നോ രണ്ടോ സ്ത്രീ തടവുകാരെ ഒരു ജയിൽമുറിയിൽ അടച്ചിട്ടാലുള്ള അവസ്ഥ ഒന്നാലോചിച്ചു നോക്കേണ്ടതാണു്. മറ്റുള്ളവരെകണ്ടു സംഭാഷണം നടത്താനോ മറ്റുതരത്തിൽ സമ്പർക്കം പുലർത്താനോ പാടില്ലെന്നു വയ്ക്കുന്നതിൽ തെറ്റില്ല. എന്നാൽ മുറിക്കകത്തു കിടന്നുകൊണ്ടു് കമ്പികൾക്കിടയിൽക്കൂടി ആരെ വേണമെങ്കിലും കണ്ടുകൊള്ളട്ടെ എന്ന അഭിപ്രായത്തോടുകൂടിയാണു് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. ഇതു സ്വീകരിക്കണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, ഇതേ ഭേദഗതി തന്നെയാണു് ഞാനും ഹാജരാക്കിയിട്ടുള്ളതു്. ഇതിനെ സംബന്ധിച്ചു് രണ്ടു വാക്കുകൂടി പറയണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. കാഴ്ചയെ പ്രതിരോധിക്കുന്നതിനു് തീർച്ചയായിട്ടും സാദ്ധ്യമല്ലാതിരിക്കുന്ന സ്ഥിതിക്കു് ഈ വാക്കുകളുടെ ആവശ്യം ഇല്ലെന്നു സ്പഷ്ടമാണു്. ഒരു നല്ല ഉദ്ദേശത്തോടുകൂടിതന്നെയായിരിക്കാം ഇതു് എഴുതി ചേർത്തിട്ടുള്ളതെങ്കിലും അതു പ്രയോഗത്തിൽ വരുത്തുന്നതിനു് മാർഗ്ഗമുണ്ടെന്നു തോന്നുന്നില്ല. സ്ത്രീതടവുകാരേ അടച്ചുറപ്പുള്ള മുറികളിൽ അവർക്കു് ആഹാരംകൊണ്ടുകൊടുക്കുന്നതിനും മുറികളുടെ അറകറപ്പണികൾ പോക്കുന്നതിനും മറ്റു പല ആവശ്യങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Pachu Pillai]

പുരുഷന്മാരായ തടവുകാരെ ഉപയോഗിക്കാവുന്നു". അതുകൊണ്ടു് സ്ത്രീതടവുകാരെ പുരുഷന്മാരായ തടവുകാർ കാണാതെ അടച്ചിടുക സാദ്ധ്യമല്ല. ആ സ്ഥിതിക്കു് അർത്ഥമില്ലാതെ ഒരു വകുപ്പു് ഇങ്ങിനെ എഴുതിവെക്കേണ്ട ആവശ്യമെന്താണു്? തടവുകാരായ സ്ത്രീകളും പുരുഷന്മാരും തമ്മിൽ മറ്റുവിധത്തിൽ സമ്പർക്കംപുലർത്താൻ പാടില്ലെന്നു വ്യവസ്ഥ ചെയ്യുന്നതുകൊണ്ടു് തരക്കേടില്ല. അല്ലാതെ അവരുടെ ദർശനത്തെപ്പോലും പ്രതിരോധിക്കുന്നതു കഷ്ടമാണു്. മനശ്ശാസ്ത്രപരമായി നോക്കിയാലും അതു ശരിയല്ല. കാണാൻ അനുവദിക്കാതെ ഏതുമാത്രം അടച്ചുപൂട്ടി ഇട്ടാലാവോ അത്രമാത്രം കൂടുതൽ കാണാനുള്ളആവേശം ജനിക്കയാണു് ചെയ്യുന്നതു്. കുറച്ചെങ്കിലും ജയിലിൽ താമസിച്ചിട്ടുള്ള അമ്മമാർക്കു് ബോദ്ധ്യമുള്ള ഒരു കാര്യമാണിതു്. അതുകൊണ്ടു് മനശാസ്ത്രതത്വങ്ങളെ അടിസ്ഥാനപ്പെടുത്തി നോക്കിയാലും ഉപകാരത്തെക്കാൾ കൂടുതൽ ഉപദ്രവം ചെയ്യുന്ന ഈ വ്യവസ്ഥ മാറ്റിക്കളയുന്നതാണു് നല്ലതു്. തടവുകാരായ സ്ത്രീകളും പുരുഷന്മാരും തമ്മിൽ സമ്പർക്കം പുലർത്താതിരിക്കുന്നതിനുവേണ്ട വ്യവസ്ഥകൾ മാത്രം മതിയാകുമെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടു് ഈ ഭേദഗതിയെ ഞാൻ പിൻതാങ്ങുകയും അതു സ്വീകരിക്കണമെന്നു് അപേക്ഷിക്കുകയും ചെയ്യുന്നു.

Mr. Speaker: I believe Mr. Sreedhar has nothing to say on this.

Sri. Ponnara G. Sreedhar: If the Speaker believes so, I have nothing more to say.

Mr. Speaker: Regardless of the Speaker's belief the member may say whatever he has to say on the matter.

ശ്രീ. പൊന്നറ ജി. ശ്രീധർ: അതിനെപ്പറ്റി ഞാൻ ഒന്നുംതന്നെ പറയുന്നില്ല. നിയമം ഉണ്ടാക്കുമ്പോൾ അതു പരിപാലിക്കണമെന്നുള്ള വിചാരം വേണം എന്നു മാത്രമേ എനിക്കു് പറയുവാനുള്ളൂ. നടപ്പില്ലാത്ത കാര്യങ്ങൾ എഴുതിവെച്ചതുകൊണ്ടു് എന്താണു് വിശേഷം? ഈ ഭേദഗതിയെപ്പറ്റി എന്റെ സ്നേഹിതന്മാർ പറഞ്ഞു കഴിഞ്ഞതിൽ കൂടുതലായി എനിക്കൊന്നും പറയുവാനില്ല. ഭേദഗതി സ്വീകരിക്കേണ്ട അളുകൾക്കു് അതു മനസ്സിലായെങ്കിൽ ഞാൻ കൂടുതൽ പറയണമെന്നില്ലല്ലോ എന്നാണു് പറഞ്ഞതു്. അല്ലാതെ ആരുടെയെങ്കിലും അവകാശത്തെ കവർന്നെടുക്കണമെന്നുള്ള വിചാരംകൊണ്ടല്ല.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ദർശനസുഖമെങ്കിലും തടവുകാർക്കു കൊടുക്കണമെന്നാണു് ഈ ഭേദഗതിയുടേയും അതിനുവേണ്ടി ഇവിടെ നടന്ന വാദങ്ങളുടേയും അടിസ്ഥാനം. എന്നാൽ ദർശനസുഖം അനുഭവിക്കയാണെങ്കിൽ അതിൽനിന്നും സ്പർശനസുഖത്തിലേക്കും, അതിൽനിന്നു സംയോഗസുഖത്തിലേക്കും മറ്റുസുഖങ്ങളിലേക്കും കടക്കുന്നതിനു് തടവുകാരെ പ്രേരിപ്പിക്കും. തടവുകാരായിരിക്കുന്ന സ്ഥിതിക്കു് ദർശനസുഖം അത്രമാത്രം അനുഭവിക്കത്തക്കതാണോ എന്നതു് മനശ്ശാസ്ത്രജ്ഞന്മാർക്കുപോലും സംശയമുള്ള സംഗതിയാണു്. മനശാസ്ത്രപരമായി നോക്കുന്നപക്ഷം ദർശനസുഖം അനുഭവിക്കേണ്ടതാണെന്നു് ഇവിടെ പറയുകയുണ്ടായി. എന്നാൽ ഞാൻ മനസ്സിലാക്കിയിട്ടുള്ളതു നേരെ മറിച്ചാണു്. ദർശനസുഖം അനുഭവിക്കുന്നതു് അതിനടുത്ത പടിയിലേക്കു് കയറുന്നതിനു് പ്രേരിപ്പിക്കുമെന്നും സഭകയ്യും നൽകുമെന്നും അതിനു വേണ്ട സാഹചര്യങ്ങളും സൃഷ്ടിക്കുമെന്നുമാണു് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. അതുകൊണ്ടു് തടവുകാരെ സംബന്ധിച്ചിടത്തോളം അവർ തടവുകാരായിരിക്കുടത്തിത്തോളംകാലം നിയമപ്രകാരം അനുഭവിച്ചിട്ടുള്ളതിൽ കൂടുതൽ സൌകര്യങ്ങൾ അനുഭവിക്കുന്നതു് ശരിയായിരിക്കുകയില്ല. അതിനാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

The question that Clause 27 do stand part of the Bill was put and carried.

Clause 27 was added to the Bill.

Clause 28

Sri. A. K. George: Sir, I move the following amendment:—

"Add the following clause as 28—A, after clause 28:—

LIBRARY ARCHIVES Kerala Legislative Assembly

"28—A. The Government shall have a Borstal Institute where prisioners under the age of twenty-one may be confined and technical training be given to them."

The intention behind this amendment is to give a statutory recognition for an institute of this type. Probably Government may come with a statement that we have a Borstal Act for institutions of this type. But this Act, I may say, has very little application in Cochin. When a Bill of this kind comes before this House,—A Bill which will apply to both States it is only fitting and proper to make this provision. So I move that this amendment may be accepted by the House so that institutions of this type may have a statutory recognition. The amendment is quite innocent, as it only makes the running of an already existing institute statutory.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുകയാണു് ചെയ്യുന്നതു്. അതു് അതിന്റെ തത്വം സ്വീകാര്യമല്ലെന്നുള്ളതു കൊണ്ടല്ല. നേരേ മറിച്ചു് അതിനു് ഈ ഭേദഗതി ആവശ്യമില്ലെന്നുള്ളതുകൊണ്ടാണു്. ഇവിടെ "ട്രാവൻകൂർ ബോർസ്റ്റൽ സ്കൂൾസ് ആക്ടു്" എന്നൊരു നിയമം നിലവിലുണ്ടു്. ആ ആക്ടിലെ വ്യവസ്ഥകളനുസരിച്ചു് ഈ ഭേദഗതികൊണ്ടു് എന്തുദ്ദേശിച്ചിരിക്കുന്നുവോ അതു നടപ്പിൽ വരുത്താൻ ഗവൺമെണ്ടിനു സാധിക്കും. സംയോജനം പൂർത്തിയാകുന്നതോടുകൂടി ആ ആക്ടു് കൊച്ചിയിലേക്കുകൂടി വ്യാപിപ്പിക്കുന്നതിനു് വ്യവസ്ഥ ചെയ്യുന്നതാണു്. അതിനു ഗവൺമെണ്ടിൽനിന്നും വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ടു്. അങ്ങിനെ ഈ ഭേദഗതികൊണ്ടു് ഉദ്ദേശിക്കുന്ന കാര്യംതന്നെ ഗവൺമെൻറു മറു തരത്തിൽ നടപ്പിൽവരുത്താൻ എടുപ്പാടുകൾ ചെയ്തുവരുന്നതുകൊണ്ടു് ഈ ഭേദഗതി ആവശ്യമില്ല. അതുകൊണ്ടു് ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. എ. കെ. ജോഷ്വ: അതിനുവേണ്ടി ഗവൺമെൻറു നടപടികൾ സ്വീകരിച്ചിട്ടുള്ള് സ്ഥിതിക്കു ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

The question that Clause 28 do stand part of the Bill was put and carried.
Clause 28 was added to the bill.

മി. സ്പീക്കർ: നിയമസഭയുടെ ഈ സമ്മേളനം അവസാനിപ്പിച്ചിരിക്കുന്നു.

The Session was prorogued at 4-30 p.m.

V. KRISHNAMOORTHY AIYAR
Secretary to the Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly